Circular No: 157
**World Mission Sunday 2014**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 22-09-2014

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

സാർവത്രിക സഭയോടൊത്ത് ഒക്ടോബർ 19-ാം തീയതിയായ ഇന്ന് മിഷൻ ഞായറായി നാം ആചരിക്കുകയാണ്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നാമോരോരുത്തർക്കുമുള്ള പങ്കിനെക്കുറിച്ച് ചിന്തിക്കുവാനുള്ള അവസരമാണിത്. "ലോകമെങ്ങും പോയി നിങ്ങൾ സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15) എന്ന യേശുവിന്റെ കല്പനയാണല്ലോ ഓരോ മിഷൻ ഞായറാഴ്ചയും നമ്മുടെ ചിന്താവിഷയം. സഭയിലെ ഓരോ അംഗത്തിനും യേശു നൽകുന്ന കല്പനയാണിത്. ക്രിസ്തീയ വിശ്വാസത്തിൽ സന്തോഷം കണ്ടെത്തുന്നതും ആ സന്തോഷം കണ്ടുമുട്ടുന്ന എല്ലാവരുമായി പങ്കുവയ്ക്കുന്നതുമാണ് പ്രേഷിതപ്രവർത്തനം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവസ്നേഹം എല്ലാവർക്കും കാണിച്ചു കൊടുക്കുവാനും, എല്ലാ ജനപഥങ്ങൾക്കും പകർന്ന് കൊടുക്കുവാനും, ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രസംഗിക്കുവാനും ഈശോയെ കണ്ടുമുട്ടുവാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി എഴുപത്തിരണ്ട് ശിഷ്യന്മാരെ ഈരണ്ട് പേരായി നഗരങ്ങളിലേയ്ക്കും ഗ്രാമങ്ങളിലേയ്ക്കും അയച്ചുവെന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു.

ഈ പ്രഘോഷണദൗത്യം നിർവ്വഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. ശിഷ്യന്മാർ സന്തോഷം നിറഞ്ഞവരായി; പിശാചുക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്താലല്ല അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്ക് മുന്നറിയിപ്പ് നൽകി.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം. പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെ തന്നെ ഇങ്ങനെ ഉദ്ഘോഷിച്ചു  അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും എന്തെന്നാൽ എന്റെ നുകം വഹിക്കുവാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ് (മത്തായി 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടുന്ന് നൽകുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക അസ്വസ്ഥതയിൽനിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോട് കൂടെ സന്തോഷത്തിൽ നിരന്തരം പുതുതായി ജനിക്കുന്നു. (Evangeli Gaudium, 1)

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അതിലൂടെ അവൾ കൃപ നിറഞ്ഞവളും സന്തോഷവതിയുമായി. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കുവാനും യേശുവിനാൽ അയയ്ക്കപ്പെടുവാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (മർക്കോ 3:14). അതുകൊണ്ട് അവരും സന്തോഷം നിറഞ്ഞവരായി.

ദൈവാനുഭവത്തിനായി ദാഹിക്കുന്ന ധാരാളം പേർ നമ്മുടെ ചുറ്റുമുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ അവരെ ക്രിസ്തുവിന്റെ സന്തോഷത്തിലേയ്ക്ക് നയിക്കുവാനുള്ള കടമ നമുക്ക് ഉണ്ട്. അവരെല്ലാം നമ്മോട് പറയുന്നതിതാണ് "ഞങ്ങൾ അവനെ കാണുവാൻ ആഗ്രഹിക്കുന്നു". യേശുവിനെ ഇവർക്ക് കാണിച്ചു കൊടുക്കേണ്ടത് അവിടുത്തെ സ്വന്തമാക്കിയെന്നവകാശപ്പെടുന്ന നാമോരോരുത്തരുടെയും കടമയാണ്. ഒരിക്കൽ പീലിപ്പോസ് യേശുവിനോട് പറഞ്ഞു "കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരിക ഞങ്ങൾക്ക് അതു മതി (യോഹ 14,8). ഇതിന് യേശു നൽകിയ മറുപടി ഇതായിരുന്നു "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,9). യേശുവിനെ കാണുവാനും അറിയുവാനും ആഗ്രഹിക്കുന്നവരോട് ഇപ്രകാരം പറയുവാൻ നമുക്കും സാധിക്കണം. ഏറ്റവും വലിയ പ്രേഷിതപ്രവർത്തകനായിരുന്ന പൗലോസ് ദൈവമായ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുത്തത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ് "ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2.20). യേശുവിന്റെ പ്രബോധനങ്ങൾക്കനുസ

രിച്ചുള്ള ജീവിതത്തിലൂടെ യേശുവുമായി ഒന്നായിക്കൊണ്ട് നാമോരോരുത്തരുടെയും ജീവിത മാതൃകയിലൂടെ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതിനേക്കാൾ ഫലപ്രദമായ പ്രേഷിതപ്രവർത്തനമില്ല. അങ്ങനെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയെല്ലാം ഒറ്റ വാക്യത്തിൽ സംഗ്രഹിക്കുവാൻ സാധിക്കുമെന്ന് തോന്നുന്നു. " ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളേയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്. (1 യോഹ 1,3).

യേശു ലോകത്തിലേയ്ക്ക് വന്നത് ദൈവത്തെ നമ്മുക്ക് വെളിപ്പെടുത്തിത്തരുവാനാണ്. യേശു പ്രസംഗിച്ച സുവിശേഷത്തെയാകമാനം വെറും രണ്ടേ രണ്ട് വാക്കുകളിൽ സംഗ്രഹിക്കാം. "ദൈവം സ്നേഹമാണ്". യേശുവും ശിഷ്യന്മാരും പറഞ്ഞ മറ്റെല്ലാ കാര്യങ്ങളും ദൈവം സ്നേഹമാണ് എന്ന സുവിശേഷത്തിന്റെ വ്യാഖ്യാനം മാത്രമാണ്. സ്നേഹം തന്നെയായ ദൈവത്തെ അനുഭവിച്ചറിയുകയും ഈ സ്നേഹാനുഭവം എല്ലാവരുമായി പങ്കുവയ്ക്കുന്നതുമാണ് പ്രേഷിതപ്രവർത്തനം. പ്രേഷിതപ്രവർത്തനങ്ങൾക്കെല്ലാം മാതൃകയും ചെറുപുഷ്പ മിഷൻലീഗിന്റെ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യ സുവിശേഷം എന്തെന്ന് മനസ്സിലാക്കിയ ഒരു വ്യക്തിയാണ്. സ്നേഹത്തിന്റെ ഈ നല്ല വിശേഷം എല്ലാ രാജ്യങ്ങളിലും ചെന്ന് എല്ലാ ജനങ്ങളെയും അറിയിക്കുവാൻ അവൾ അതിയായി ആഗ്രഹിച്ചിരുന്നു. വി. പൗലോസിനെപ്പോലെ എല്ലാവർക്കും എല്ലാമായി തീരാൻ അവൾ അതിയായി ആഗ്രഹിച്ചു. അവൾ ലിസ്യുവിലെ മഠത്തിലിരുന്നുകൊണ്ട് ലോകമാസകലമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ പങ്ക് ചേരുവാൻ കണ്ടുപിടിച്ച മാർഗ്ഗം സ്നേഹമാണ്. ഇങ്ങനെ സ്നേഹത്താൽ പ്രേരിതയായി നിരന്തരം പ്രാർത്ഥിക്കുകയും പരിത്യാഗപ്രവർത്തികൾ അനുഷ്ഠിക്കുകയും ചെയ്തു കൊണ്ടാണ് വി. കൊച്ചുത്രേസ്യ സഭയിലെ പ്രേഷിത പ്രവർത്തനങ്ങളെയെല്ലാം സജീവമാകാൻ സഹായിച്ചിരുന്നത്.

വി. കൊച്ചുത്രേസ്യായെപ്പോലെ സഭയുടെ പ്രേഷിതപ്രവർത്തനപ്രക്രിയയിൽ സജീവമായി നമുക്ക് പങ്ക് ചേരാം. സഭയിൽ നല്ല ദൈവവിളികൾ ഉണ്ടാകുവാനായി നമുക്ക് പ്രവർത്തിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദിക ജീവിതത്തിലേയ്ക്കും സന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിത തീഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് പകർന്ന് നൽകുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും തീഷ്ണമായി വൈദികരിലും സന്യസ്തരിലും അല്മായരിലും ഉണ്ടാകണം. എങ്കിൽ മാത്രമേ നമ്മുടെ കുടുംബങ്ങളിൽ നിന്ന് നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളൂ. പ്രേഷിതപ്രവർത്തനങ്ങൾക്കായി ചെറുപുഷ്പമിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ നമ്മുക്കും പങ്കുചേരാം. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങൾ പ്രേഷിത പ്രവർത്തനത്തിന്റെ വിളനിലമായിത്തീരണം. കുടുംബങ്ങളിൽ നിന്നാണ് നല്ല പ്രേഷിതമക്കൾ ജന്മമെടുക്കുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ കുടുംബങ്ങളിൽ നിന്ന് നല്ല ദൈവവിളികൾ ഉണ്ടാകുവാനും നമ്മുക്ക് പരിശ്രമിക്കാം. വിവിധ തരത്തിലുള്ള സാമൂഹ്യതിന്മകൾ നമ്മുടെ കുട്ടികളേയും സ്വാധീനിക്കുന്നുണ്ട്. മദ്യം, മയക്കുമരുന്നുകൾ, പുകവലി, പാൻമസാലകൾ, ടി.വി. ചാനലുകളുടെയും, സോഷ്യൽ നെറ്റ്‌വർക്കുകളുടെയും ദുരുപയോഗം തുടങ്ങിയവ മുതിർന്നവരെയും കുഞ്ഞുങ്ങളേയും ദൈവത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും അകറ്റുന്നു.

അതുകൊണ്ടാണ് "ലഹരിവിമുക്ത കുടുംബം അനുഗ്രഹീത സമൂഹം" എന്ന പഠനവിഷയം ചെറുപുഷ്പമിഷൻലീഗ് ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്നത്. നമ്മുടെ മക്കൾ ചെറുപുഷ്പ മിഷൻലീഗിലോ, ഇതര ഇടവകസംഘടനകളിലോ അംഗമാകുവാൻ മാതാപിതാക്കൾ പ്രേരിപ്പിക്കണം. അതുവഴി ഈശോയും സുവിശേഷവും നൽകുന്ന സന്തോഷത്തിലേയ്ക്ക് അവർക്ക് താൽപര്യമുണ്ടാകും. നല്ല കുടുംബങ്ങളേയും പ്രേഷിത സമൂഹങ്ങളേയും രൂപപ്പെടുത്താൻ ഇടവകകളിലും സംഘടനകളിലും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും വിളവിന്റെ നാഥനായ കർത്താവ് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2014 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി.കുർബ്ബാന യർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കുർബ്ബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്ര കാഴ്ച അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.